വനം വകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ):

(എ) ഇല്ല. ഇതിനു നിയമത്തിൽ വ്യവസ്ഥയില്ല.

(ബി, സി, ഡി, ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

കൃഷി-ഗ്രാമവികസന പരിപാടികൾക്കായുള്ള കേന്ദ്ര ധനസഹായം

* 206 [256] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:

,, കെ.ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി-ഗ്രാമവികസന പരിപാടികൾക്കായി കേരളത്തിന് 1985-86 വർഷത്തിൽ എത്തെല്ലാം രൂപത്തിൽ എത്ര തുക വീതം കേന്ദ്ര ഗവൺമെൻറിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്;

(ബി) അതിൽ ഏതെങ്കിലും ഇനത്തിൽ ഇതിനകം തുക ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ ഇനത്തിനും എത്ര?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) കേന്ദ്ര ധനസഹായത്തോടുകൂടി കൃഷി വികസനത്തിനായി 456.89 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ വികസനത്തിനായി 4030.21 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) കൃഷിവികസനത്തിനായി കേന്ദ്ര സഹായത്തിന്റെ ഒന്നാം ഗഡുവായി 47.07 ലക്ഷം രൂപയും ഗ്രാമവികസനത്തിനായി 2346.92 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) കൃഷി വികസനം. (1) തെങ്ങുകൃഷിക്കുള്ള പാക്കേജ് പദ്ധതിക്കും, ടി x ഡി തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്ന പദ്ധതിക്കും രോഗബാധിതവും ഉല്പാദനക്ഷമമാക്കുന്ന പദ്ധതിക്കുംകൂടി 15.26 ലക്ഷം രൂപയും (2) ബയോഗ്യാസ് വികസനത്തിന് വേണ്ടി 23 ലക്ഷം രൂപയും സഹകാര്യമേഖലയിൽ കശുമാവ് കൃഷിവികസന പദ്ധതിക്കായും കശുമാവ് തോട്ടങ്ങളിൽ സസ്യസംരക്ഷണം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിക്കായി 6.1035 ലക്ഷം രൂപയും (3) പയറു കൃഷി വികസനത്തിനായി 0.465 ലക്ഷം രൂപയും (4) മേൽത്തരം കൃഷി ആയുധങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്കായി 2.242 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

ഗ്രാമവികസനം:- സംയോജിത ഗ്രാമവികസന പദ്ധതിക്കായി 334.72 ലക്ഷംരൂപയും ദേശീയ തൊഴിൽദാന പദ്ധതിക്കായി 635.11 ലക്ഷം രൂപയും ഗ്രാമീണ തൊഴിൽഭ്രദതാ പരിപാടിക്കായി 1257.90 ലക്ഷം രൂപയും . ചെറുകിട പരിമിത കർഷകർക്ക് വേണ്ടിയുള്ള പദ്ധതിക്കായി 104.19 ലക്ഷം രൂപയും പ്രവൃത്യുൻമുഖ സാക്ഷരതാ പരിപാടിക്കായി 15 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly